പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4420 — 19.10.2011-ൽ മറുപടിയ്ക്ക്

## ഗ്രാമം നിറയെ കോഴി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ.റഹീം : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'ഗ്രാമം നിറയെ കോഴി' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണ്; | (എ) 2011-12 വർഷത്തിൽ ഈ പദ്ധതി കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്നില്ല. പകരം 2011-12 സാമ്പത്തിക വർഷത്തിൽ 'കോഴിവളർത്തൽ ഗ്രാമം' എന്ന പദ്ധതി കോഴിക്കോട് ജില്ലയിലെ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന നിയോജക മണ്ഡലങ്ങൾ ഒഴികെ ബാക്കിയുള്ള എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഇതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കാമോ? | (ബി) 1. സ്വർണ്ണ ജയന്തി സ്വരോസ്ഗാർ യോജന: ഈ പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിലാണ് നടപ്പാക്കിയിട്ടുള്ളത്. കൊടുവള്ളി, കുന്നുമേൽ, ഇതേരി എന്നീ ബ്ലോക്കുകളിൽ നടപ്പാക്കിയിട്ടുണ്ട്. വടകര, പന്തലായനി എന്നീ ബ്ലോക്കുകളെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br>2. വീട്ടമ്മയുടെ അരുമക്കോഴികൾ മരുതോങ്കര പഞ്ചായത്തിൽ നടപ്പാക്കിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കുന്നതിന് മേപ്പയ്യൂർ പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ